**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **11-09-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ മണ്ഡലത്തിൽ നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് അഞ്ച് കോടി രൂപയും വട്ടേക്കാട് ജി.യു.പി. സ്കൂളിന് ഒരു കോടി രൂപയും കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.ബി.എച്ച്.എസ് നെന്മാറ സ്കൂളിന് അഞ്ചുകോടി രൂപ അനുവദിച്ചതിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട സെമിനാർ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അക്കാഡമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കാൻ ഉണ്ടായ കാലതാമസവും സെമിനാർ ബ്ലോക്ക് നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു നീക്കാത്തതും നിർമ്മാണം നടക്കാത്തതിന് കാരണമായി. ജി.എം.യു.പി.എസ് വട്ടേക്കാട് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭാഗമായുള്ള രണ്ടാമത്തെ പാർട്ട് ബിൽ അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ